**ജില്ല വിദ്യാഭ്യാസപരിശീലന കേന്ദ്രം തിരുവനന്തപുരം**

# പത്താം ക്ലാസിലെ കുട്ടികൾക്കുള്ള വിലയിരുത്തൽ ഉപാധി – 2022 ഫെബ്രുവരി

## മലയാളം – കേരളപാഠാവലി

**(ഒന്നാം ഭാഷ പാർട്ട് – 1)**

സമയം : 1½ മണിക്കൂർ — ആകെ സ്കോർ : 40

**പൊതുനിർദേശങ്ങൾ.**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**പാർട്ട് 1**

A. **1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. (1 സ്കോർ വീതം)**

1. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരംകൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല." (പാവങ്ങൾ)

   മെത്രാന്റെ ഈ വാക്കുകളിൽ നിന്ന് മനസിലാകുന്നതെന്ത്?

   - ലളിതജീവിതം നയിക്കാൻ മെത്രാന് വിഷമമില്ല.
   - മെത്രാൻ മുള്ളും കയ്‌ലും ഒരിക്കലും ഉപയോഗിച്ചിരുന്നില്ല.
   - ഭക്ഷണം കഴിക്കാൻ മെത്രാന് താല്പര്യമില്ല.
   - മെത്രാന്റെ സ്നേഹം

2. "പാന്ഥർ പെരുവഴിയമ്പലംതന്നിലേ

   താന്തരായ് കൂടി വിയോഗം വരുമ്പോലെ" (ലക്ഷ്മണസാന്ത്വനം)

   അടിവരയിട്ട പദത്തിന്റെ അർത്ഥം.

   - ക്ഷീണിതർ
   - സുഹൃത്തുക്കൾ
   - വഴിയാത്രക്കാർ
   - ദുഃഖിതർ

3. "നീയോ സുധീർ! നീ...നീ.. ഇവിടെ...ഇവിടെ...ഇപ്പോൾ..." (വിശ്വരൂപം).

   വരികളിൽ തെളിയുന്ന ഭാവം –

   - ആശ്ചര്യം
   - വാത്സല്യം
   - ദുഃഖം
   - ദേഷ്യം

4. "പണ്ടു നിന്നെയൊരിളം കുരുന്നതായ്
   കണ്ടു ഞാൻ സപദി വല്ലിയായി നീ." (പ്രിയദർശനം)
   ഈ വരികളിൽ സൂചിതമാകുന്നതെന്ത്?
   - ദിവാകരന്റെ സ്വഭാവത്തിലുണ്ടായ മാറ്റം.
   - കുട്ടിക്കാലത്തേയ്ക്ക് മടങ്ങിപ്പോകാനുള്ള ദിവാകരന്റെ ആഗ്രഹം.
   - നളിനിയുടെ രൂപത്തിലുണ്ടായ മാറ്റം.
   - നളിനി ക്ഷീണിതയായി കാണപ്പെട്ടു.

5. "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി." (കടൽത്തീരത്ത്)

   അടിവരയിട്ട പദം സൂചിപ്പിക്കുന്നത്

   - ആഹ്ലാദം
   - അസഹനീയം
   - വിരസം
   - താല്പര്യമില്ലായ്മ

6. മാതൃകപോലെയെഴുതുക.

   പല്ലിൻമൊട്ടുകൾ – മൊട്ട് പോലുള്ള പല്ലുകൾ

   പൂമേനി –

(4×1=4)

**B. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. (1 സ്കോർ വീതം)**

7. "ഇന്നലെ വെറും ജഡ-

ശിലയായിരുന്നതിൽ

നിന്നു നീ 'കരുണ'തൻ

ഭാവഗാനത്തെ തൊട്ടു-

തൊട്ടുണർത്തവേ" (മൈക്കലാഞ്ജലോ, മാപ്പ്)

'കരുണതൻ ഭാവഗാനം' എന്ന് കവി വിശേഷിപ്പിക്കുന്നതെന്തിനെ?

- പിയത്തയെന്ന ശില്പം
- മറിയയുടെ കണ്ണുകൾ
- യേശുവിന്റെ ശരീരം
- മൈക്കലാഞ്ജലോയുടെ ചുറ്റിക

8. "ആരൊരാളിക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗം മുടക്കുവാൻ" (അശ്വമേധം)
ഈ വരികളുടെ പൊരുളെന്ത്?

- സർഗശക്തിയുടെ മാർഗം ആർക്കും മുൻകൂട്ടി കാണാൻ കഴിയില്ല.
- സർഗശക്തി അധികാരത്തെ ഭയന്ന് ഓടിമാറുന്നു.
- സർഗശക്തി വളരെ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.
- സർഗശക്തിയെ പരാജയപ്പെടുത്താൻ ആർക്കും കഴിയില്ല.

9. പിരിച്ചെഴുതുക

*അയാൾ* (3×1=3)

## പാർട്ട് 2

**A. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ )**

10. "എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ, എന്നെ കൊണ്ടുപോയില്ല; ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു." (വിശ്വരൂപം)

മിസിസ് തലത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള രണ്ട് സൂചനകൾ ഈ വരികളിൽനിന്ന് കണ്ടെത്തിയെഴുതുക. (1×2=2)

**B. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. (2 സ്കോർ)**

11. അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളായെഴുതുക.

*ഞാൻ ഹൈസ്കൂളിൽ വിദ്യാർഥിയായിരുന്ന കാലത്ത് ഉണ്ടായ ഒരു സംഭവമാണ് എന്നെ ചെറുകഥകളെഴുതാൻ പ്രേരിപ്പിച്ചത്.*

12. 'ദുഃഖത്തിൻ സൂര്യശിലയായ്ത്തീർന്നോരമ്മ.'(മൈക്കലാഞ്ജലോ, മാപ്പ്)

'സൂര്യശില' എന്ന പ്രയോഗത്തിന്റെ സവിശേഷതകൾ കുറിക്കുക. (1×2=2)

## പാർട്ട് 3

**A. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക. (3 സ്കോർ വീതം)**

13. 'പ്രലോഭനം' എന്ന തലക്കെട്ടിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

14. "ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ, അയാൾ നിന്നേടത്തുതന്നെ മിഴിച്ചുകൊണ്ട് നിന്നു." (പാവങ്ങൾ).

ഴാങ് വാൽ ഴാങിനെ 'ഉപ്പുകൊണ്ടുള്ള ഒരു പ്രതിമ'യെന്ന് വിശേഷിപ്പിക്കാനുള്ള കാരണം കണ്ടെത്തിയെഴുതുക.

15. 'കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ.' (കവികളുടെ ഭാഷ)

കവി ഇങ്ങനെ പറയുന്നതിന്റെ യുക്തി പരിശോധിക്കുക.

16. "ഞാൻ ഇന്ത്യയിൽ ജീവിക്കാനാഗ്രഹിക്കുന്നു മാഡം. ഇന്ത്യ എന്തു നല്ല നാടാണ്!" (വിശ്വരൂപം)

ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക. (3×3=9)

**B. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക (3 സ്കോർ)**

17. 'എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു.' (അക്കർമാശി)

ശരൺകുമാർ ലിംബാളെയുടെ പ്രവൃത്തി സമൂഹത്തിന് നൽകുന്ന സന്ദേശമെന്ത്? (1×3=3)

## പാർട്ട് 4

**A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (4 സ്കോർ വീതം)**

18. "തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ

ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ

വെറുതേ വിശുദ്ധതരസത്ത്വസൗമ്യമാം

പിറവിക്കു ദോഷമുളവാക്കിവയ്ക്കൊലാ" (ഋതുയോഗം)

ഈ വരികളിലെ കാവ്യഭംഗി വിശകലനം ചെയ്യുക.

19. 'രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.' (കടൽത്തീരത്ത്)
ദീർഘമായ സംഭാഷണങ്ങൾ അർത്ഥപൂർണമായ മൗനത്തിലൂടെ
അവതരിപ്പിക്കുന്നത് 'കടൽത്തീരത്ത്' എന്ന കഥയുടെ ഭാവസൗന്ദര്യം വർദ്ധിപ്പിക്കുന്നു. പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക

20. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" (പ്രിയദർശനം)
ഈവരികളിലെ ജീവിതദർശനം കേരളം അഭിമുഖീകരിക്കുന്ന സമകാലിക സംഭവങ്ങളുമായി താരതമ്യപ്പെടുത്തി *നിസ്വാർത്ഥജീവിതം* എന്ന വിഷയത്തിൽ ലഘുക്കുറിപ്പ് തയ്യാറാക്കുക. (2×4=8)

**B. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (4 സ്കോർ )**

21. 'വൃദ്ധന്റെ കടക്കണ്ണിൽനിന്ന് ചോര പൊടിയുന്നതുകണ്ട നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.' (ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ജൂലിയാന എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയ്യാറാക്കുക.

22. "നോവൽ എപ്പോൾ തീരുമെന്ന് എഴുത്തുകാരന് പറയാനൊക്കുമോ? ഇത് നിലമുഴുന്നതുപോലെയോ പാറപൊട്ടിക്കുന്നതുപോലെയോ അല്ല. ഇത് ആത്മാവിന്റെ ഒരു വെളിപാടാണ്." (ആത്മാവിന്റെ വെളിപാടുകൾ)
സാഹിത്യരചനയെക്കുറിച്ചുള്ള എന്തെല്ലാം വസ്തുതകളാണ് ഈ വരികളിലുള്ളത്? (1×4=4)

## പാർട്ട് 5

**A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (5 സ്കോർ )**

23. ദ്രൗണി പറഞ്ഞു: "പാണ്ഡവരിൽ വാസുദേവനും സാത്യകിയുമുൾപ്പെടെ ഏഴുപേരും നമ്മളിൽ ഞങ്ങൾ മൂന്നുപേരും മാത്രമേ ബാക്കിയുള്ളൂ."

"ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ടു കരഞ്ഞുകരഞ്ഞ് എന്താവുമോ, ആവോ! മക്കളുടെയും അവരുടെ മക്കളുടേയും ഭാര്യമാരോടുകൂടി എന്റെ അച്ഛനും അമ്മയും എങ്ങനെ കഴിഞ്ഞുകൂടുമോ, ആവോ!" (യുദ്ധത്തിന്റെ പരിണാമം)
മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് *യുദ്ധം വരുത്തുന്ന വിനകൾ* എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

24. "വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ" (ലക്ഷ്മണസാന്ത്വനം)
'ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശം എഴുത്തച്ഛൻ സമൂഹത്തിനു നൽകുന്ന ഉപദേശം കൂടിയാണ്.' പ്രസ്താവന വിശകലനം ചെയ്ത് *ലക്ഷ്മണോപദേശത്തിന്റെ സമകാലികപ്രസക്തി* എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. (1×5=5)